**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1084** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് സർവ്വകലാ ശാലയുടെ ഡിഗ്രി, പി.ജി. പി.എച്ച്.ഡി.കോഴ്സുകൾ മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഫിഷറീസ് എൻവയോൺമെന്റ്, സ്കൂൾ ഓഫ് ഓഷ്യൻ സ്റ്റഡീസ് ആന്റ് ടെക്നോളജി, സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആന്റ് അണ്ടർ വാട്ടർ ടെക്നോളജി, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് എന്നീ 4 സ്കൂളുകളിലേയും ഫാക്കൽറ്റി ഓഫ് ഫിഷറീസിലേയും നിലവിലുള്ള ഡിഗ്രി, പി.ജി, പി.എച്ച്.ഡി. കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കാമോ? | (എ) | 2021 ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവകലാശാല (ഭേദഗതി) ആക്ടട് (2021 ലെ 18-ാം നമ്പർ ആക്ട്) അനുസരിച്ച് താഴെ പറയുന്ന ഫാക്കൽറ്റികളാണ് സർവകലാശാലയിൽ ഇപ്പോൾ നിലവിലുള്ളത്. I. ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ് ii. ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് & ടെക്നോളജി iii. ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ് iv. ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിംഗ് മേൽ ഫാക്കൽറ്റികളുടെ കീഴിലായി ഇപ്പോൾ നടന്നു വരുന്ന വിവിധ പ്രൊഫഷണൽ ഡിഗ്രി, പി.ജി., പി.എച്ച്.ഡി., കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി യു. ജി. സി. (UGC), ഐ. സി. എ. ആർ (ICAR), എ.ഐ.സി.ടി.ഇ (AICTE) എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായും സർവകലാശാലയിലെ 'ഫാക്കൽറ്റി പഠന ബോർഡ്' കളുടെ നിർദ്ദേശാനുസരണവും അക്കാഡമിക് കൗൺസിലിന്റെ അനുമതിയോടെ ബന്ധപ്പെട്ട കോഴ്സുകളിലെ അധ്യാപന, ബോധന പ്രക്രിയകൾ പുന:പരിശോധിക്കുകയും അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങളും, പാഠ്യ പദ്ധതികളുടെ പരിഷ്കരണത്തിന് വേണ്ടിയുള്ള കാര്യങ്ങളും യഥാസമയം ചെയ്യാറുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട വിഷയങ്ങളിലെ ഗവേഷണ നയങ്ങൾക്കനുസൃതമായി 'ത്രസ്റ്റ് ഏരിയകൾ' കണ്ടെത്തി വിദ്യാർത്ഥികളുടെ ഗവേഷണ പ്രവർത്തനങ്ങൾ കാലികമായി പ്രയോജനപ്പെടുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. |

സെക്ഷൻ ഓഫീസർ